I/85[illegible]5/2023

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**
**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്-ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ - തളിപ്പറമ്പ താലൂക്ക്-ആലക്കോട് ഗ്രാമപഞ്ചായത്ത്-വെള്ളാട് വില്ലേജ്- റീ.സ.നമ്പർ.4/515, 4/1177, 4/1125, 4/1126, 4/1127, 4/1128, 4/1129, 4/1130, 4/1348, 4/1246, 4/778 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് എഫ്, ഗ്രൂപ്പ് ഡി ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭൂഉപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KPBR-2019 ചട്ടം 30

2) M/S. നടുപറമ്പിൽ എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ്, നടുപറമ്പിൽ കല്ലോടി, കരുവൻചാൽ. പി.ഒ. എന്നവർ 07/12/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/1354/2022-C തീയതി 06-02-2023**

---

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ താലൂക്കിൽ ആലക്കോട് ഗ്രാമപഞ്ചായത്തിൽ , വെള്ളാട് വില്ലേജിൽ റി. സ. നമ്പർ 4/515, 4/1177, 4/1125,4/1126, 4/1127, 4/1128,4/1129, 4/1130, 4/1348, 4/1246, 4/778 ൽ പെട്ട 1.6551 ഹെക്ടർ വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് എഫ്, ഗ്രൂപ്പ് ഡി ഗണത്തിൽ ഉൾപ്പെടുന്ന കൺവെൻഷൻ സെന്റർ (1327.21.ച.മീ). +മിനിഹാൾ (327.63.ച.മീ.) +വാണിജ്യകെട്ടിടം( 1480.41 ച.മീ) + ഓഫീസ് കെട്ടിടം(70.24.ച.മീ).+ബാഡ്മിന്റൺ കോർട്ട് ( 347.18.ച.മീ. ) എന്നിവ ഉൾപ്പെടെ ആകെ 3552.67 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള നിർമ്മാണങ്ങളുടെ ലേ ഔട്ട് അനുമതിക്കായി M/S. നടുപറമ്പിൽ എന്റർപ്രൈസ്സ് പ്രൈവറ്റ് ലിമിറ്റഡ്, നടുപറമ്പിൽ കല്ലോടി, കരുവൻചാൽ.പി.ഒ- എന്നവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KPBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂഉപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഓ.സി / അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നു ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.
2. KPBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, ഭൂമിയുടെ തരം, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം KPBR-2019 അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KPBR-2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം, ചട്ടം 76(2)(3) പ്രകാരമുള്ള മഴ വെള്ള സംഭരണി എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
5. KPBR-2019 ചട്ടം 79(5) പ്രകാരം ആവശ്യമായ മാലിന്യ നിർമ്മാർജ്ജന സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
6. KPBR-2019 ചട്ടം 76(3)(2) പ്രകാരം ഓരോ 450 ചതുരശ്ര മീറ്ററിനും കുറഞ്ഞത് ഒരു വൃക്ഷം എന്ന നിരക്കിൽ മരങ്ങൾ നട്ടു വളർത്തേണ്ടതാണ്.
7. നിർമ്മാണം പൂർത്തിയായ സ്വിമ്മിംഗ് പൂളിന് അതിരിൽ നിന്നും ആവശ്യമായ സെറ്റ് ബാക്ക് ലഭിക്കത്തക്ക രീതിയിൽ സ്വിമ്മിംഗ് പൂളിന്റെ പമ്പ് റൂം പുനഃക്രമീകരിക്കേണ്ടതാണ്.

8. ടി പ്ലോട്ട് ചരിഞ്ഞ ഭൂപ്രദേശമായതിനാൽ പ്ലോട്ടിലെ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ആവശ്യമായ സ്ഥലങ്ങളിലൊക്കെ ആവശ്യമായ ഉയരത്തിൽ retaining wall നിർമ്മിക്കേണ്ടതാണ്. ആയതിന്റെ സ്ട്രക്ചറൽ സ്റ്റബിലിറ്റി തെളിയിക്കുന്ന സ്ട്രക്ചറൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്ട്രക്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
9. ടി പ്ലോട്ടിന്റെ വടക്ക്, കിഴക്ക് അതിരുകളിലും പ്ലോട്ടിനകത്തും നിർമ്മാണം പൂർത്തിയായതായി കാണുന്ന random rubble masonry retaining wall-ന്റെ സ്ട്രക്ചറൽ സ്റ്റബിലിറ്റി തെളിയിക്കുന്ന സ്ട്രക്ചറൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്ട്രക്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
10. 1.5 മീറ്ററിൽ കൂടുതൽ ആഴത്തിൽ ഭൂമി നിരപ്പാക്കൽ ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട വകുപ്പിൽ നിന്നും എൻ.ഓ.സി/അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
11. KPBR-2019 ചട്ടം 29(4)(ii) പ്രകാരം പ്രസ്തുത കെട്ടിടത്തിൻറെ പാർക്കിംഗ് സ്ഥലത്തേക്കുള്ള internal road-ന്റെ ചരിവ് 1:7 ൽ കൂടാൻ പാടില്ല.
12. നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾക്ക് KPBR-2019 ചട്ടം-92 പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതാണ്.

എൽ. എ നമ്പർ 5/2023 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ - 670 002, തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ്

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

Signed by
Ravikumar.p
Date: 06-02-2023 15:47:02

To

സെക്രട്ടറി, ആലക്കോട് ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്</u>

1) M/s. നടുപറമ്പിൽ എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ്, നടുപറമ്പിൽ കല്ലാടി, കരുവൻചാൽ. പി.ഒ. 2) ഫയൽ.3) കരുതൽ ഫയൽ